**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1142** | **18-01-2021 - ൽ മറുപടിയ്ക്ക്**

**വർക്കല സബ്ബ് രജിസ്ട്രാർ ഓഫീസ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ജോയി | | **Shri G. Sudhakaran**<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | വർക്കല സബ്ബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി നല്കിയതിനു ശേഷം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ? | (എ) | പുതിയ കെട്ടിട നിർമ്മാണത്തിനുള്ള മുനിസിപ്പാലിറ്റിയുടെ എൻ.ഒ.സിക്കായി ആവശ്യമായ രേഖകൾ സഹിതം 03/07/2018ലെ CNo.202/15 പ്രകാരം വർക്കല മുൻസിപ്പൽ സെക്രട്ടറിക്ക് അപേക്ഷിച്ചിരുന്നു. ആഫീസ് സ്ഥിതിചെയ്യുന്ന വസ്തു ടൗൺ പ്ലാനിംഗിലുൾപ്പെട്ട വസ്തുവായതിനാൽ എൻ.ഒ.സിയ്ക്കായി ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെൻറിലേക്ക് അയച്ചിരിക്കുകയാണ് എന്ന വിവരം 04/08/2018 ലെ പി.ഡബ്ല്യു2-7897/18 കത്ത് പ്രകാരം അറിയിച്ചു. തുടർന്ന് അടിയന്തിര നടപടികൾക്കായി റീജിയണൽ ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെൻറിൽ 30/08/2018ലെ CNo.202/15 കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ 04/09/2018 ൽ സബ് രജിസ്ട്രാർ ആഫീസിലെത്തുകയും ടി വസ്തു അളക്കുകയും ചെയ്തു. ടി വസ്തു സോണൽ എക്സംപ്ഷനു വേണ്ടി ചീഫ് ടൗൺ പ്ലാനറുടെ പരിഗണനയിലാണെന്നറിയാൻ സാധിച്ചു. എന്നാൽ സോണിംഗ് റഗുലേഷൻ മൂലം കെട്ടിടനിർമ്മാണത്തിന് തടസമുള്ളതിനാൽ സർക്കാർ ഇളവ് ആവശ്യമാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സോണൽ എക്സംപ്ഷനുവേണ്ടി അപേക്ഷിച്ച് നടപടി സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച സൈറ്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഓഫീസ് കെട്ടിട നിർമ്മാണം സംബന്ധിച്ച് കെട്ടിടത്തിന്റെബിൽഡിംഗ് പെർമിറ്റ് BA 576/18-19, അപ്രൂവ്ഡ് പ്ലാൻ എന്നിവ 11.09.2020 ന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകി. 01.12.2020ന് കിഫ്ബിയിൽ നിന്നും അംഗീകാരവും 07.01.2021ൽ പ്രവൃത്തിയുടെ സാങ്കേതിക അനുമതിയും ലഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ